വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി IAS )

വിഷയം: വനിത ശിശു വികസന വകുപ്പ് – മഹിള ശക്തി കേന്ദ്ര 2021-22 District Level Centre for Women – ജീവനക്കാർക്ക് ഓണം ഫെസ്റ്റിവൽ അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 85/2019/സാനീവ തീയതി 12.02.2019.
2. സ.ഉ (സാധാ) നം. 793/2019/സാനീവ തീയതി 19.12.2019.
3. സ.ഉ (സാധാ) നം. 533/2019/സാനീവ തീയതി 07.10.2020.
4. 22.06.2021 തീയതിയിലെ CW-II-3-/18/2019-CW-II നമ്പർ കേന്ദ്ര സർക്കാർ കത്ത്.
5. 13.08.2021 തീയതിയിലെ 115/2021/ധന നമ്പർ സർക്കാർ ഉത്തരവ്.

==========================================================

ഉത്തരവ് നം. WEC-4/8180/18 തീയതി : 16.08.2021

==========================================================

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തികരിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിള ശക്തി കേന്ദ്ര (MSK) പദ്ധതി. ടി പരിപാടിയുടെ നടത്തിപ്പിനായി പരാമർശം (1), (2), (3) പ്രകാരം എല്ലാ ജില്ലകളിലും District Level Centre for Women ( DLCW) ആരംഭിക്കുന്നതിനു ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

പരാമർശം(5) ഉത്തരവ് പ്രകാരം District Level Centre for Women (DLCW) യിലെ ജീവനക്കാർക്ക് 2021 വർഷത്തെ ഓണം ഫെസ്റ്റിവൽ അലവൻസ് അനുവദിക്കേണ്ടതുണ്ട്. ചുവടെ ചേർത്തിട്ടുള്ള പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| ക്രമ. നം | തസ്തിക | അനുവദിക്കാവുന്ന ഓണം ഫെസ്റ്റിവൽ അലവൻസ് തുക | | |
|---|---|---|---|---|
| | | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | ആകെ തുക |
| 1 | Women Welfare Officer | 1650 | 1100 | 2750 |
| 2 | District Co ordinator-1 | 1650 | 1100 | 2750 |
| 3 | District Co ordinator-2 | 1650 | 1100 | 2750 |
| ഒരു District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് 2021 വർഷത്തെ ഓണം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനാവശ്യമായ തുക. | | 4950 | 3300 | 8250 |
| പതിനാല് ജില്ലകളിലെയും District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് 2021 വർഷത്തെ ഓണം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനാവശ്യമായ തുക . | | 69300 | 46200 | 115500 |

ടി സാഹചര്യത്തിൽ മേൽ പട്ടിക പ്രകാരം District Level Centre for Women (DLCW) യിലെ ജീവനക്കാർക്ക് 2021 വർഷത്തെ ഓണം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനായി ഒരു ജില്ലയ്ക്ക് 8,250/- രൂപ വീതം 14 ജില്ലകൾക്കുമായി ആകെ 1,15,500/- രൂപ( ഒരു ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുകയിൽ കേന്ദ്ര വിഹിതം തുകയായ ആകെ 69300/-രൂപ (അറുപത്തി ഒൻപതിനായിരത്തി മുന്നൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വര്ഷം 2235-02-103-54-01 (P) ശീർഷകത്തിൽ നിന്നും, സംസ്ഥാന വിഹിതം തുകയായ 46,200/-രൂപ( നാൽപത്തി ആറായിരത്തി ഇരുന്നൂറ് രൂപ മാത്രം) 2235-02-103-54-02 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. ജില്ല വനിത ശിശു വികസന ഓഫീസർമാർ പരാമർശം(5) ഉത്തരവ് ഖണ്ഡിക (6) ലെ വ്യവസ്ഥകൾക്ക് വിധേയമായി തുക മാറിനൽകേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്:

1.സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)

2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.